**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6821** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്നതിനായി നിലവിൽ ഏതൊക്കെ പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ഒരു പട്ടയമിഷന് വേഗതയിൽ പ്രാവർത്തികമാക്കാൻ സർക്കാർ രൂപം നൽകുകയാണ്. മലയോര – ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രോസിജിയർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇതു വിപുലീകരിക്കാൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ നടപടികൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. താലൂക്ക് ലാന്റ് ബോർഡുകളിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം - വൈദ്യുതി - ജലവിഭവം - തദ്ദേശം - പൊതുമരാമത്ത് വകുപ്പുമായി പ്രത്യേകമായ ചർച്ചകൾ നടത്തി വരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പട്ടികജാതി/വർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നു വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തിയാണ് |

| | | | |
|---|---|---|---|
| | | | പട്ടയമിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ തലത്തിൽ കളക്ടേറ്റിലും, താലൂക്ക് തലത്തിലും, പ്രത്യേക സെല്ലുകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023 ലെ ബജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന് ആദ്യ ഒരു വർഷത്തിനുള്ളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | ആലപ്പുഴ | 635 |
| 4 | പത്തനംതിട്ട | 373 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6424 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർകോട് | 1946 |
| | **ആകെ** | **54535** |